# നാടിന് ഊർജ്ജമേകി ഇ.എം.സി

മാറുന്ന തിരുവനന്തപുരത്തിന്റെ മുഖമാണ് മാറുന്ന ഊർജ്ജസംരക്ഷണ രംഗവും. ഊർജ്ജമേഖലയിൽ മികവിന്റെ മാതൃക സൃഷ്ടിക്കുകയാണ് എനർജി മാനേജ്മെന്റ് സെന്റർ കേരള (ഇ.എം.സി). കൂടുതലായി ഊർജ്ജോത്പാദനത്തേക്കാൾ ഇ.എം.സി പ്രാധാന്യം നൽകുന്നത് ഊർജ്ജസംരക്ഷണത്തിനാണ്.

എല്ലാമേഖലയിലും ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കുകയാണ് 1996ൽ സ്ഥാപിതമായ ഊർജ്ജവകുപ്പിന് കീഴിലുള്ള ഈ സ്വയംഭരണ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

ഊർജ്ജ കാര്യക്ഷമതയെ പറ്റി സമൂഹത്തെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി ക്ലാസുകളും പരിപാടികളും നടത്തുന്ന ഇ.എം.സി, എനർജി ഓഡിറ്റുകൾ നടപ്പിലാക്കുകയും വ്യവസായ സ്ഥാപനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

ഊർജ്ജസംരക്ഷണ മേഖലയിൽ നിരവധി അംഗീകാരങ്ങൾ ഏറ്റുവാങ്ങുന്ന ഇ.എം.സിക്ക് 12തവണ ദേശീയ



*Go electric കാമ്പയിൻറെ ഭാഗമായി തിരുവനന്തപുരത്ത് നടത്തിയ എക്സിബിഷനിൽ ടെസ്റ്റ് ഡ്രൈവ് മന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നു*

# നാടിന് ഊർജ്ജമേകി ഇ.എം.സി

മാറുന്ന തിരുവനന്തപുരത്തിന്റെ മുഖമാണ് മാറുന്ന ഊർജ്ജസംരക്ഷണ രംഗവും. ഊർജ്ജമേഖലയിൽ മികവിന്റെ മാതൃക സൃഷ്ടിക്കുകയാണ് എനർജി മാനേജ്മെന്റ് സെന്റർ കേരള (ഇ.എം.സി). കൂട്ടതലായി ഊർജ്ജോത്പാദനത്തേക്കാൾ ഇ.എം.സി പ്രാധാന്യം നൽകുന്നത് ഊർജ്ജ സംരക്ഷണത്തിനാണ്.

എല്ലാമേഖലയിലും ഊർജ്ജ കാര്യക്ഷമത ഉറപ്പാക്കുകയാണ് 1996ൽ സ്ഥാപിതമായ ഊർജ്ജവകുപ്പിന് കീഴിലുള്ള ഈ സ്വയംഭരണ സ്ഥാപനത്തിന്റെ ഉദ്ദേശ്യലക്ഷ്യം.

ഊർജ്ജ കാര്യക്ഷമതയെ പറ്റി സമൂഹത്തെ ബോധവാന്മാരാക്കുക എന്ന ലക്ഷ്യത്തോടെ നിരവധി ക്ലാസുകളും പരിപാടികളും നടത്തുന്ന ഇ.എം.സി, എനർജി ഓഡിറ്റുകൾ നടപ്പിലാക്കുകയും വ്യവസായ സ്ഥാപനങ്ങൾക്ക് വിവിധ സേവനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു.

ഊർജ്ജസംരക്ഷണ മേഖലയിൽ നിരവധി അംഗീകാരങ്ങൾ ഏറ്റുവാങ്ങുന്ന ഇ.എം.സിക്ക് 12തവണ ദേശീയ



Go electric കാമ്പയിൻറെ ഭാഗമായി തിരുവനന്തപുരത്ത് നടത്തിയ എക്സിബിഷനിൽ ടെസ്റ്റ് ഡ്രൈവ് മന്ത്രി ഫ്ലാഗ് ഓഫ് ചെയ്യുന്നു






## സന്ദേശം

"ഇ.എം.സിയുടെ ഡയറക്ടർ എന്നതിലുപരി ഒരു സാമൂഹ്യജീവിയെന്ന നിലയിൽ നമ്മുടെ നാട്കുറേയെകൂടുതൽ പ്രകൃതിയുമായി കൂടുതൽ ഇണങ്ങണം എന്നാണ് എന്റെ അഭിപ്രായം. അതിനായി ഇ.എം.സിയിലൂടെ ചെയ്യാൻ സാദ്ധിക്കുന്നതൊക്കെ ഞങ്ങൾ ചെയ്യുന്നുണ്ട്.

പൊതുജനം ഇനിയും കൂടുതൽ പരിശ്രമിക്കണം. ഊർജ്ജസംരക്ഷണത്തെ പറ്റി എല്ലാം അറിയാം അതിനാൽ ഊർജ്ജ ബോധവൽക്കരണം ഞങ്ങൾക്ക് വേണ്ട എന്ന പൊതുജനമനോഭാവം ആദ്യം മാറണം.

എന്നാൽ മാത്രമേ ഊർജ്ജസംരക്ഷണം അതിന്റെ ഫുൾ സ്ട്രെച്ചിൽ ഇവിടെ സാദ്ധ്യമാകുകയുള്ളു.

ഈ കാലയളവിനുള്ളിൽ മാറ്റങ്ങൾ അനവധി ഉണ്ടായി. ഇനിയും പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തേണ്ടിയിരിക്കുന്നു. അതിനായി പൊതുജനസഹകരണം പ്രതീക്ഷിക്കുന്നു.."

അവാർഡ് ലഭിച്ചു. അതിൽ 5 തവണ ഒന്നാം സ്ഥാനം ലഭിച്ചു. സുതാര്യ സേവനങ്ങളുടെ 25 വർഷങ്ങൾ പൂർത്തിയാക്കിയിരിക്കുകയാണ് ഇ.എം.സി. ഊർജ്ജസംരക്ഷണവും ഊർജ്ജക്ഷമതയും പ്രോത്സാഹിപ്പിച്ചും പുതിയ വലിയ പദ്ധതികൾ ആവിഷ്കരിച്ചും മുന്നേറുകയാണ് ഇ.എം.സി. സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ മികവുറ്റതാക്കാൻ കഠിനമായി പ്രവർത്തിക്കുകയാണ് എനർജി മാനേജ്മെന്റ് സെന്ററിന്റെ അമരത്തിരിക്കുന്ന ആർ.ഹരികുമാർ.

ഊർജ്ജസംരക്ഷണ മേഖലയിൽ 28 വർഷത്തെ പ്രവർത്തനപരിചയമുള്ള ഡയറക്ടർ ആർ.ഹരികുമാർ പുതിയ പരീക്ഷണങ്ങളിലാണ്. ഇ.എം.സിയിലൂടെ സംസ്ഥാനത്തിന് ഊർജ്ജം പകരാൻ.

സ്മാർട്ട് സിറ്റിയുടെ ''സോളാർ സിറ്റി'' പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങളിൽ പുരപ്പുര സോളാറുകൾ സ്ഥാപിച്ച ഊർജ്ജസംരക്ഷണം സാദ്ധ്യമാക്കുന്നതിൽ ഇ.എം.സിയും വലിയ പങ്ക് വഹിക്കുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളിൽ എനർജി ഓഡിറ്റിംഗ് നടത്തി പഴയ വൈദ്യുതി ഉപകരണങ്ങൾ മാറ്റി ഊർജ്ജക്ഷമതയുള്ള പുതിയ ഉപകാരങ്ങൾ സ്ഥാപിക്കുക വഴി ഊർജ്ജസംരക്ഷണം സാദ്ധ്യമാക്കുകയാണ് ലക്ഷ്യം.

പദ്ധതിയുടെ ഭാഗമായി സ്ഥാപനങ്ങൾ ഇ.എം.സിയിൽ ഇൻവെസ്റ്റ് ചെയ്യുന്ന തുക കുറഞ്ഞത് രണ്ട് വർഷംകൊണ്ട് മുഴുവനായി വൈദ്യുതി ബില്ലിലൂടെ ലാഭിക്കാം എന്നതാണ് സവിശേഷത.

ഇതുകൂടാതെ ഇ.എം.സിയുടെ അഭിനന്ദനാർഹമായ പുതിയ സംരംഭമാണ് ഇലക്ട്രിക് വാഹനങ്ങൾ. കെ.എസ്.ഇ.ബി, അനെർട്ട് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹകരണത്തോടെയാണ് ഇലക്ട്രിക് വാഹനങ്ങൾ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നത്.

പ്രകൃതിയെ കാർബൺ രഹിതമാക്കുകയാണ് ഇതിന്റെ ലക്ഷ്യം. കേന്ദ്ര സർക്കാരിന്റെ ഗോ ഇലക്ട്രിക് ക്യാമ്പയിന്റെ ഭാഗമായാണ് ഇലക്ട്രിക് കുക്കിങ്ങും ഇലക്ട്രിക് ട്രാൻസ്പോർ



*2021 ലെ ദേശീയ ഊർജ കാര്യക്ഷമത അവാർഡ് കേന്ദ്ര മന്ത്രിയിൽ നിന്നും ഏറ്റുവാങ്ങുന്നു*

ട്ടും ഇ.എം.സി പ്രോത്സാഹിപ്പിക്കുന്നത്. സബ്സിഡിയുടെ സഹായത്തോടെ ഇലക്ട്രിക് വാഹനങ്ങൾ ആവശ്യക്കാർക്ക് ലഭ്യമാക്കുന്നതിനായി ഇ.എം.സിയും സി.ഇ.എസ്. എല്ലും സംയുക്തമായി ആവിഷ്കരിച്ച ഓൺലൈൻ ഇലക്ട്രിക് വെഹിക്കിൾ ആപ്പ് ആണ് 'മൈ ഇവി'. ജില്ലയിൽ എവിടെയൊക്കെ ഏതൊക്കെ ഇലക്ട്രിക് വാഹനങ്ങൾ ലഭ്യമാണ് എന്നതറിയാൻ ഈ ആപ്പ് സഹായകമാണ്.

## വരുന്നു പബ്ലിക് ബൈക്ക് ഷെയറിംഗ്

തിരക്കേറിവരുന്ന നഗരമാണ് നമ്മുടെ തിരുവനന്തപുരം. വാഹനപ്പെരുപ്പവും മലിനീകരണവും ഇന്ന് നഗരങ്ങളുടെ ഭാഗമാണ്. വരുംനാളുകളിൽ ഇതുരണ്ടും ഇല്ലാതാക്കി പ്രകൃതിയെ സംരക്ഷിക്കുകയാണ് ഇ.എം.സി ലക്ഷ്യമിടുന്നത്.

### ഇ.എം.സിയുടെ വിവിധ പദ്ധതികൾ

- പെർഫോം അച്ചീവ് ആൻഡ് ട്രേഡ് (പാറ്റ്) പദ്ധതി
- ഊർജ്ജ ഓഡിറ്റ്
- ഊർജ്ജ ഓഡിറ്റ് ധനസഹായ പദ്ധതി
- എൽ.ഇ.ഡി തെരുവ് വിളക്ക് സംവിധാനം
- ഫിലമെന്റ് രഹിത കേരളം പദ്ധതി
- ഊർജ്ജ കാര്യക്ഷമമായ പദ്ധതി
- സ്മാർട്ട് എനർജി പ്രോഗ്രാം
- ഊർജ്ജ കിരൺ പദ്ധതി
- ഊർജ്ജ ക്ലിനിക്കുകൾ
- ഗവേഷണവും പഠനവും
- ഊർജ്ജ മിത്ര...

**തുടങ്ങി ജില്ലയിൽ ഊർജ്ജ സംരക്ഷണം ഉറപ്പാക്കാൻ നിരവധി പദ്ധതികളാണ് ഇ.എം.സി നടപ്പാക്കുന്നത്.**

പൊതുഗതാഗത സംവിധാനത്തെ ആശ്രയിക്കുന്നവർക്കും സ്വന്തമായി വാഹനമില്ലാത്തവർക്കും പാർക്കിംഗ് സ്പേസുകളുടെ അസൗകര്യം കാരണം വാഹനമുപയോഗിക്കാൻ മടിക്കുന്നവർക്കും ഏറെ ഉപയോഗപ്രദമാണ് ഈ പബ്ലിക് ബൈക്ക് ഷെയറിംഗ് സിസ്റ്റം. ഇലക്ട്രിക് ടൂവീലറുകൾ ആണ് ഇതിലെ താരം. നഗരത്തിന്റെ വിവിധ ഇടങ്ങളിലായി ലോക്ക് ചെയ്ത് സ്ഥാപിച്ചിരിക്കുന്ന ഇലക്ട്രിക് വാഹനങ്ങൾ ആവശ്യക്കാർക്ക് കാർഡ് ഉപയോഗിച്ച് അൺലോക്ക് ചെയ്ത് യാത്ര ചെയ്യാം.

ആവശ്യം കഴിഞ്ഞാലുടൻ തൊട്ടടുത്ത പാർക്കിങ് പോയിന്റിൽ വാഹനം പാർക്ക് ചെയ്ത് ലോക്ക് ചെയ്യണം. ഇതാണ് പബ്ലിക് ബൈക്ക് ഷെയറിംഗ് സിസ്റ്റം. ഉടൻ ടെണ്ടർ വിളിച്ച പദ്ധതി നടപ്പാക്കുകയാണ് ഇ.എം.സിയുടെ ലക്ഷ്യം.